"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-വിശാലകൊച്ചി വികസന അതോറിറ്റിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിതനായ ലീഗൽ അഡ്വൈസർ അഡ്വ. പി. വി. ഉദയന്റെ കാലാവധി ദീർഘിപ്പിച്ച നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1317/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/07/2021

---

പരാമർശം:- 1. 28.12.2020-ലെ സ. ഉ (സാധാ) നം. 2439/2020/തസ്വഭവ

2. 23.05.2021-ലെ വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 3741/ജി3/2017/ജിസിഡിഎ നമ്പർ കത്ത്.

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയിൽ ലീഗൽ അഡ്വൈസർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിതനായിരുന്ന അഡ്വ. പി. വി. ഉദയന്റെ കരാർ കാലാവധി 12.05.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച നൽകിയ നടപടി സാധൂകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) അതോറിറ്റിയിൽ നിലവിൽ സൂപ്രണ്ട്/ക്ലർക്ക് തലങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിയമ വിഭാഗവുമായി പ്രവർത്തിച്ച വരുന്നവരുടെ അഭാവവും കേസുകളുടെ എണ്ണത്തിലുള്ള വർദ്ധനവും അടിയന്തിരമായി നിയമവശങ്ങൾ ആരാഞ്ഞ് ഫയലുകളിൽ തീർപ്പുണ്ടാക്കേണ്ട സാഹചര്യവും പരിഗണിച്ച് നിലവിൽ ഈ കരാർ സേവനം അനിവാര്യമായതിനാൽ 12.05.2021 മുതൽ ഒരു വർഷത്തേക്കു കൂടി കരാർ നിയമനം തുടരുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2)-ലെ കത്ത് പ്രകാരം വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിശാലകൊച്ചി വികസന അതോറിറ്റിയിൽ ലീഗൽ അഡ്വൈസർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിതനായിട്ടുള്ള അഡ്വ. പി. വി. ഉദയന്റെ കരാർ കാലാവധി 12.05.2021 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച നൽകുന്നതിന് അതോറിറ്റി സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ എം

ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, വിശാലകൊച്ചി വികസന അതോറിറ്റി, കൊച്ചി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ. എസ്.എ) / (ജി & എസ്.എസ്. എ)കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

PTO

ഉത്തരവിൻ പ്രകാരം
Signed by Suja S K
Date: 13-07-2021 11:21:28
സെക്ഷൻ ഓഫീസർ
Reason: Approved